# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3884      27.06.2012-ൽ മറുപടിക്ക്

### ജീവിതശൈലീരോഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി :<br>,, എ.കെ.ശശീന്ദ്രൻ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ കാരണം മരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത രോഗങ്ങളുടെ നിയന്ത്രണത്തിനും ചികിത്സയ്ക്കും എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പിന് കീഴിൽ നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലകളിലും സബ്സെന്റർ തലം വരെ, ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താദിസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുടെ നിർണ്ണയം, ബോധവൽക്കരണം, ചികിത്സ എന്നിവ നടന്നുവരുന്നു.<br>ഇതിനുപുറമേ NPCDCS (National Programme for Prevention and Control of Cancer, Diabetis, Cardiovascular Diseases and Stroke) എന്ന കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതി വഴി അഞ്ച് ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) ഹൃദ്രോഗം, മസ്തിഷ്കാഘാതം, ക്യാൻസർ, പ്രമേഹം എന്നീ രോഗ നിയന്ത്രണത്തിനായുള്ള ബൃഹദ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി പുതിയ എൻ.സി.ഡി ക്ലിനിക്കുകളും, കാർഡിയോളജി ഇന്റൻസീവ് കെയർ യൂണിറ്റ്, ക്യാൻസർ ക്ലിനിക്ക്, കൗൺസിലിംഗ് സ്പെഷ്യലിസ്റ്റുകളുടെ സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ